# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ 275 10.06.2013-ലെ മറുപടിക്ക്

### വടകര സബ് ജയിൽ മാറ്റുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ.നാണു | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) സ്ഥല പരിമിതിമൂലമുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന്, വടകര സബ് ജയിൽ സൗകര്യപ്രദമായ സ്ഥലത്തേയ്ക്ക് മാറ്റണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) യും (ബി) യും ജയിൽ മാറ്റി സ്ഥാപിക്കുന്നതിന് സ്ഥലം ജയിൽ വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ചുവരികയാണ്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ജയിൽ മാറ്റി സ്ഥാപിക്കാവുന്നതാണ്. |
| ബി) ഈ സാമ്പത്തിക വർഷംതന്നെ സൗകര്യപ്രദമായ സ്ഥലത്തേക്ക് ജയിൽ മാറ്റാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ

# അനുബന്ധം

തടവുകാരുടെ നിലവിലുള്ള ഭക്ഷണ ക്രമങ്ങളിൽ പരിഷ്ക്കാരങ്ങൾ വരുത്തി പോഷണപൂർണ്ണമായ ഭക്ഷണവും, ശുദ്ധമായ കുടിവെള്ളവും കുളിക്കുന്നതിന് കുളിമുറികളും ശുചിത്വമുള്ള പരിസരവും പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

തടവുകാർക്ക് തൊഴിൽ നൽകണമെന്ന് ജയിൽ വകുപ്പിന്റെ നിയമപരമായ ബാധ്യതയാണെങ്കിലും ശിക്ഷ കഴിഞ്ഞ് പുറത്തേയ്ക്ക് പോകുന്ന തടവു കാർക്ക് പുതിയ ജീവിതം തുടങ്ങുന്നതിന് ഇന്നത്തെ കാലഘട്ടത്തിനനു സൃതമായ തൊഴിൽ പരിശീലന പരിപാടികൾ ആരംഭിച്ചിട്ടുണ്ട്.

ഡയറി ഫാം ആരംഭിക്കുക വഴി തടവുകാർക്ക് കന്നുകാലി വളർത്ത ലിൽ പരിശീലനവും, തടവുകാർക്ക് ആവശ്യമായ പാൽ ലഭ്യമാക്കുന്ന തിനും കൂടാതെ അധികംവരുന്നവ ക്ഷീര സഹകരണ സംഘങ്ങളിൽ വിൽക്കുന്നതിനും കഴിയുന്നു. പന്നി വളർത്തൽ, പൂ കൃഷി, കൂൺ കൃഷി, റബ്ബർ നേഴ്സറി, വെർമി കംപോസ്റ്റ്, തേനീച്ച വളർത്തൽ, സോപ്പ് നിർമ്മാ ണം, കാർപെന്ററി, കൊല്ലപ്പണി, കെട്ടിട നിർമ്മാണം, സിമന്റകട്ട നിർമ്മാ ണം, തയ്യൽ, കോഴി വളർത്തൽ, വാണിജ്യാടിസ്ഥാനത്തിൽ ചപ്പാത്തി നിർമ്മാണം, ഇസ്തിരി, ബേക്കറി സാധനങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ ഉണ്ടാക്കി വിൽക്കുന്നതിനും പരിശീലനം നൽകാറുണ്ട്. ഇതോടൊപ്പം തടവുകാർക്ക് പരിശീലനവും നൽകുന്നുണ്ട്.

തടവുകാർക്ക് മാനസികോല്ലാസത്തിന് വേണ്ടി എഫ്.എം റേഡി യോയും ടെലിവിഷൻ, ഇൻഡോർ ഗെയിംസ്, വോളിബോൾ, ബാസ്ക്കറ്റ് ബോൾ എന്നിവ കളിക്കുന്നതിനും സാഹചര്യം ജയിലിൽ ഒരുക്കിയിട്ടുണ്ട്.

തടവുകാർക്ക് ചൂട് വെള്ളം നൽകുന്നതിന് സൗരോർജ്ജ പദ്ധതികളും, ജയിലിനെ മാലിന്യ വിമുക്തമാക്കുന്നതിന് ബയോഗ്യാസ് പ്ലാന്റ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

വിവിധ പരിശീലനം സ്വായത്തമാക്കുന്നതിനോടൊപ്പം, വേതനം നേടുന്നതിനും തടവുകാർക്ക് ഈ പദ്ധതികൾ ഉപകാരപ്പെടുന്നു.

സ്വന്തം മതവിശ്വാസ പ്രകാരം പ്രാർത്ഥന നടത്തുന്നതിനും യോഗ മുറ കൾ അഭ്യസിക്കുന്നതിനും മാനസ്സിക സംഘർഷം കുറയ്ക്കുന്നതിന് കൗൺസിലിംഗ് തുടങ്ങിയവയും തടവുകാർക്ക് നിയമ വിധേയമായ രീതി യിൽ ജീവിത സാഹചര്യത്തിന് വഴി ഒരുക്കുന്നു.

ആരോഗ്യ പരിപാലനത്തിന് അത്യാവശ്യം സൗകര്യമുള്ള ആശു പത്രിയും ലഭ്യമാണ്. ജയിലിൽ നിന്നും വിടുതൽ ലഭിക്കുമ്പോൾ കുടും ബവും സമൂഹവുമായി നല്ല ബന്ധം നിലനിർത്തുന്നതിന് ഇന്റർവ്യൂവിനും, ടെലഫോൺ ചെയ്യുന്നതിനും കത്ത് അയയ്ക്കുന്നതിനുമുള്ള സാഹചര്യം ഇപ്പോൾ ജയിലിൽ ഉണ്ട്.

സെക്ഷൻ ഓഫീസർ